TB Movie Panel Weekly Review

**#moviepanel**

മ്യാവൂ:

Written By : Lijo Rachel George

ഏറെ വർഷങ്ങൾക്ക് ശേഷം ലാൽ ജോസിന്റെതായി എത്തിയ തിയേറ്റർ റിലീസ് സിനിമയാണ്, ഇക്കഴിഞ്ഞ ഡിസംബർ 24th ന് റിലീസ് ആയ മ്യാവൂ. ഒരുപാട് ഹിറ്റ് ചിത്രങ്ങൾ പ്രേക്ഷകർക്ക് മുൻപിൽ എത്തിച്ച സംവിധായകൻ എന്ന നിലയിൽ, അദ്ദേഹത്തിന്റെ ഓരോ സിനിമയിലും മലയാളികൾക്ക് ഒരു പ്രതീക്ഷയും വിശ്വാസവും ഉണ്ട്. ആ പ്രതീക്ഷയുടെ ഭാരം പേറിയെത്തിയ ചിത്രമാണ് മ്യാവൂ.

അറബിക്കഥ, ഡയമണ്ട് നെക്ക്ളേസ് എന്നീ വിജയ ചിത്രങ്ങൾക്ക് ശേഷം, ഗൾഫ് രാജ്യത്തെ സാധാരണക്കാരായ ആളുകളുടെ ജീവിതങ്ങളെ ആസ്പദമാക്കി ലാൽ ജോസ് സംവിധാനം ചെയ്ത ചിത്രമാണ് മ്യാവൂ.ഇതിന്റെ തിരക്കഥാകൃത്ത്, ഇക്ബാൽ കുറ്റിപ്പുറവും ഒരു പ്രവാസി ആയത് കൊണ്ടാവും, കൂടുതൽ പ്രവാസികളുടെ കഥ പറയുന്ന രചനകളിലേയ്ക്ക് അദ്ദേഹത്തിന്റെ തൂലിക ചലിക്കുന്നതും.അറബിക്കഥ, ഡയമണ്ട് നെക്ക്ളേസ്, വിക്രമാദിത്യൻ എന്നീ ചിത്രങ്ങൾക്ക് ശേഷം ഇരുവരും ഒരുമിക്കുന്ന ചിത്രമാണ് മ്യാവൂ.

'മ്യാവൂ' എന്താണെന്ന് അറിയാത്ത മലയാളികൾ ഉണ്ടാവില്ലല്ലോ. ആ ശബ്ദം സിനിമയിൽ ഒരു സ്ഥിര സാന്നിധ്യമാണ്.വേറെയും ചില കാര്യങ്ങൾ കൂടിയുണ്ട്, അത് പറഞ്ഞു തരാൻ ഈ ചിത്രം, ഫെബ്രുവരി 5 മുതൽ ആമസോൺ പ്രൈം എന്ന ഒറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാണ്.

ദസ്തക്കീർ എന്നയാളുടെ ജീവിതത്തിലെ ഗതി വിഗതികളും ജീവിത വ്യതിയാനങ്ങളും ഒപ്പം ദസ്തുവിന്റെ കുടുംബ ജീവിതവുമാണ് സിനിമ പറയുന്നത്. ദസ്തുവായി സൗബിൻ ഷാഹിറും ദസ്തുവിന്റെ ഭാര്യയായി മമ്ത മോഹൻദാസും എത്തുന്ന ചിത്രത്തിൽ മറ്റൊരു പ്രധാന വേഷം ചെയ്യുന്നത് പ്രവാസി കൂടിയായ ഹരിശ്രീ യൂസഫ് ആണ്.സലിം കുമാർ, ശ്യാമപ്രസാദ് തുടങ്ങിയവരും സിനിമയിൽ നല്ലൊരു വേഷം കൈകാര്യം ചെയ്യുന്നുണ്ട്.യസ്മിനാ അലിടോടോവാ (yasmina alidodova) എന്ന ദുബായ് നടിയും അവരുടെ മനോഹരമായ അഭിനയവുമാണ് ചിത്രത്തിന്റെ മറ്റൊരു ആകർഷണം.ഭഗത് എബ്രിഡ് ഷൈനിന്റെ രണ്ടാമത്തെ ചിത്രവുമാണ് ഇത്.മിക്കവാറും എല്ലാവരും നന്നായി തന്നെ അഭിനയിച്ചിട്ടുമുണ്ട്.

സിനിമയെ പറ്റി ഒറ്റവാക്കിൽ പറഞ്ഞാൽ, ഇതൊരു ഫീൽ ഗുഡ് ഫാമിലി

മൂവി ആണ്.മേക്കിങ്ങിനെ പറ്റി പറയുമ്പോൾ, തുടക്കത്തിൽ സിനിമ പറയുന്ന കോമഡികൾ സ്വാഭാവികമായവ ആണെങ്കിലും, പ്രേക്ഷകരിൽ ചിരിയുതിർക്കാനും മാത്രമുതകുന്നവ അധികമില്ല. എന്നാൽ നാമോരോരുത്തരും ജീവിതത്തിൽ പകർത്തേണ്ട പല കാര്യങ്ങളും തമാശയുടെ രൂപത്തിൽ പറഞ്ഞു തരുന്നുമുണ്ട്. സിനിമയിലെ ഓരോ സീനും നമ്മളിൽ പലരുടെയും ജീവിതവും നമുക്ക് ചുറ്റും നടക്കുന്ന ചില കാര്യങ്ങളും സമൂഹത്തിലെ കള്ള നാണയങ്ങളെയും നമുക്ക് കാണിച്ചു തരുന്നതിനോടൊപ്പം, നമ്മുടെ ജീവിതത്തിലും പകർത്താൻ തോന്നുന്ന മുഹൂർത്തങ്ങളും സിനിമയിൽ ഉണ്ട്. ഇന്നത്തെ സാമൂഹിക അന്തരീക്ഷവും ആളുകളുടെ ചിന്താഗതിയും വെച്ചു, വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു മെസ്സേജ് ഈ സിനിമ പ്രേക്ഷകർക്ക് നല്കുന്നുമുണ്ട്.

ഗൾഫ് ജീവിതത്തിന്റെ കാഠിന്യമേറിയ കാഴ്ചകൾ ഒഴിവാക്കി, മനസ്സിന് ഉണർവ് നല്കുന്ന കാഴ്ചകൾ സിനിമയിൽ ഉടനീളം ജനിച്ചതിൽ, അജ്മൽ സാബുവിന്റെ cinematography യ്ക്കു വലിയൊരു പങ്കുണ്ട്. US പ്രസിഡന്റ് ട്രമ്പിനെ കൊണ്ട് മാപ്പിളപ്പാട്ട് പാടിച്ച് സോഷ്യൽ മീഡിയയിൽ വൈറൽ ആയ ആളാണ് അജ്മൽ. മിന്നൽ മുരളിയുടെ editorial ടീമിലും (trailer) ഉണ്ടായിരുന്നു. അതുപോലെ തന്നെ എടുത്തു പറയേണ്ട ഒന്നാണ്, ജസ്റ്റിൻ വർഗീസിന്റെ ബിജിഎം ആൻഡ് മ്യൂസിക്. ജോജി, തണ്ണീർ മത്തൻ ദിനങ്ങൾ തുടങ്ങിയ ചിത്രങ്ങൾക്ക് സംഗീതം പകർന്ന അതേയാൾ.ചിത്രത്തിലെ ഗാനങ്ങൾ സുഹൈൽ കോയയുടേതാണ്.

ഇതൊക്കെയാണെങ്കിലും സിനിമ ക്ലൈമാക്സിലേയ്ക്ക് എത്തുമ്പോൾ, ഒരു സുഖമില്ലായ്കയുണ്ട്:ഒരു happily ever after ഫീൽ ഗുഡ് vibe നിലനിർത്താൻ വേണ്ടി ചേർത്ത ഒരു ക്ലൈമാക്സ് പോലെ. അതുവരെ ഉണ്ടായിരുന്ന കഥയുടെ ആ ഒഴുക്കിന് മാറ്റം വന്നതും ഒരു ഏച്ചു വെയ്പ്പ് തോന്നിയതുമാണ് അനന്തരഫലം.